# പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.297 — 08.06.2015 ന് മറുപടിയ്ക്ക്.

## ആന പരിപാലന മാർഗ്ഗങ്ങളും എഴുന്നള്ളിപ്പിനുള്ള വ്യവസ്ഥകളും.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) നാട്ടാനയുടെ ആക്രമണങ്ങളിൽ പാപ്പാന്മാർ ഉൾപ്പെടെയുള്ളവർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇതിന്റെ കാരണങ്ങൾ വനം വകുപ്പ് പരിശോധിക്കുകയും 2012-ലെ നാട്ടാന പരിപാലന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള മുൻകരുതലുകൾ പാലിക്കാതിരിക്കുന്നതുമൂലമാണ് അപകടങ്ങൾ സംഭവിക്കുന്നതെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. 2002 മുതൽ നാട്ടാന പരിപാലന ചട്ടങ്ങളുടെ ലംഘനവുമായി ബന്ധപ്പെട്ട് വനം വകുപ്പ് 254 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകളും പരിപാലന മാർഗ്ഗങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) ജില്ലാതലത്തിൽ ഉത്സവകാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി ജില്ലാ കളക്ടർ , ജില്ലാ പോലീസ് സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ദേവസ്വം ബോർഡ് മെമ്പർ , കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ പ്രതിനിധി, ആനത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, കേരളാ ഉത്സവ കോർഡിനേഷൻ കമ്മിറ്റി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉത്സവ കാലത്തിനു മുമ്പായി കമ്മിറ്റി യോഗം ചേർന്ന് ആനകളുടെ ക്ഷേമവും പൊതുജനങ്ങളുടെ സുരക്ഷയും ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവാഘോഷങ്ങൾക്കും മറ്റ് പൊതു പരിപാടികൾക്കും നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട |

നിബന്ധനകളെ സംബന്ധിച്ച 21.01.2012- ാം തീയതിയിലെ ജി.ഒ(പി)നം.03/2011/വനം നമ്പരായ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനായി എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്കും (സോഷ്യൽ ഫോറസ്ട്രി), അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ നാട്ടാന പരിപാലന ചട്ടങ്ങളെക്കുറിച്ചും മറ്റ് ബന്ധപ്പെട്ട നിയമങ്ങളേയും മാർഗ്ഗ നിർദ്ദേശങ്ങളേയും കുറിച്ച് ആനപ്പാപ്പാന്മാർ, ആനയുടമസ്ഥർ, വനം വകുപ്പ് ജീവനക്കാർ തുടങ്ങിയവർക്ക് വിവിധ പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്.

ഈ വിധത്തിലുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ കേരളത്തിലെ നാട്ടാനകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.